REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 05-03-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- ഗുജറാത്തിലെ ജാംനഗറിൽ വന്യജീവി സംരക്ഷണ- രക്ഷാ-പുനരധിവാസ സംരംഭം 'വൻതാര' പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു.
- കേന്ദ്രമന്ത്രി കിരൺ റിജിജു ഒരു ദിവസത്തെ സന്ദർശനത്തിന് നാളെ സംസ്ഥാനത്തെത്തും.
- ആറ്റുകാൽ പൊങ്കാലയ്ക്ക് മുന്നോടിയായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് വിവിധ വകുപ്പുകളുടെ അവലോകന യോഗം ചേർന്നു.
- KSRTC ജീവനക്കാർക്ക് എല്ലാ മാസവും ഒന്നാം തീയതി ശമ്പളം നൽകുമെന്ന് മന്ത്രി K.B ഗണേഷ് കുമാർ.
- ICC പുരുഷ ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ത്യ ഫൈനലിൽ.

## വാർത്തകൾ വിശദമായി

ഗുജറാത്തിലെ ജാംനഗറിൽ വന്യജീവി സംരക്ഷണ- രക്ഷാ-പുനരധിവാസ സംരംഭം 'വൻതാര' പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. സുസ്ഥിര പരിസ്ഥിതിക്കും, വന്യജീവി സംരക്ഷണത്തിനും വൻതാര സംരംഭം തികച്ചും മാതൃകാപരമാണെന്ന് പ്രധാനമന്ത്രി സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു. ഇന്ത്യയുടെ ധാർമ്മികതയുടെയും, ആചാരത്തിന്റെയും പ്രതീകമാണ് ഇതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സംരംഭത്തിന്

പിന്നിൽ പ്രവർത്തിച്ച വ്യവസായി അനന്ത് അംബാനിയെയും, സംഘത്തെയും നരേന്ദ്രമോദി അഭിനന്ദിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ തൊഴിൽ സംബന്ധിച്ച ബജറ്റാനന്തര വെബിനാറിൽ വെർച്വലായി പങ്കെടുക്കും. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയെന്ന പ്രധാന ലക്ഷ്യത്തിലൂന്നിയാണ് വെബിനാർ സംഘടിപ്പിക്കുന്നത്. പരിപാടിയിൽ പങ്കെടുക്കുന്നവരെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. ഗവൺമെന്റും വ്യവസായമേഖലയും വിദ്യാഭ്യാസ വിദഗ്ധരും, സാധാരണക്കാരും തമ്മിൽ ആരോഗ്യകരമായ ചർച്ചയിലൂടെ ബജറ്റ് നിർദ്ദേശങ്ങൾക്ക് ഫലപ്രദമായ പ്രതികരണമുണ്ടാ ക്കുകയാണ് വെബിനാറിന്റെ ഉദ്ദേശ്യം.

✪✪✪

ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിക്കുന്ന ആദ്യ ഹെവിഡ്യൂട്ടി ട്രക്ക് ന്യൂഡൽഹിയിൽ കേന്ദ്രമന്ത്രിമാരായ നിതിൻ ഗഡ്കരിയും, പ്രൽഹാദ് ജോഷിയും ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്തു. ഭാവിയുടെ ഇന്ധനമായ ഹൈഡ്രജൻ, ഇന്ത്യയുടെ ഗതാഗത മേഖലയെ ഊർജ്ജ സ്വയംപര്യാപ്തതയിലേക്കും മാലിന്യമുക്തിയിലേക്കും നയിക്കുമെന്ന് നിതിൻ ഗഡ്കരി പറഞ്ഞു.

ഹരിത ഹൈഡ്രജൻ നിർമ്മാണത്തിലും വിനിയോഗത്തിലും ആഗോള നേതൃസ്ഥാനത്തിലേക്ക് ഇന്ത്യ എത്തിച്ചേരുമെന്ന് പ്രൽഹാദ് ജോഷി അഭിപ്രായപ്പെട്ടു.

✪✪✪

പഞ്ചായത്തിരാജ് മന്ത്രാലയം ന്യൂഡൽഹിയിൽ ഇന്ന് സംഘടിപ്പിക്കുന്ന ദേശീയ കൺവെൻഷനിൽ മാതൃകാ സ്ത്രീ സൗഹൃദ ഗ്രാമപഞ്ചായത്തുകൾക്ക് തുടക്കം കുറിക്കും. മന്ത്രാലയത്തിന്റെ ഈ വർഷത്തെ അന്താരാഷ്ട്ര വനിതാ ദിനാഘോഷങ്ങളുടെ ഭാഗമാണിത്. ഓരോ ജില്ലയിലും കുറഞ്ഞത് ഓരോ മാതൃകാ സ്ത്രീ സൗഹൃദ ഗ്രാമപഞ്ചായത്ത് സ്ഥാപിക്കുകയാണ് പരിപാടിയുടെ പ്രാഥമിക ലക്ഷ്യം.

പഞ്ചായത്തിരാജ് സഹമന്ത്രി പ്രൊഫ. S.P സിംഗ് ബാഗേൽ, ആരോഗ്യ-കുടുംബക്ഷേമ സഹമന്ത്രി അനുപ്രിയ പട്ടേൽ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും.

✪✪✪

കേന്ദ്രമന്ത്രി കിരൺ റിജിജു ഒരു ദിവസത്തെ സന്ദർശനത്തിന് നാളെ സംസ്ഥാനത്തെത്തും. തിരുവനന്തപുരത്ത് പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പരിപാടിയുടെ അവലോകന യോഗത്തിൽ കേന്ദ്രമന്ത്രി പങ്കെടുക്കും.

✪✪✪

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ഇന്നലെ വിവിധ വകുപ്പുകളുടെ അവലോകന യോഗം ചേർന്നു. പൊങ്കാലയ്ക്ക് എത്തുന്നവർക്ക് ശുദ്ധമായ കുടിവെള്ളവും, ഭക്ഷണവും ഉറപ്പുവരുത്തണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു. മന്ത്രിമാരായ VN വാസവനും,G.R അനിലും, മുതിർന്ന ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ..

....(വോയ്സ് )......

പൊങ്കാലസമയത്ത് പ്രദേശവാസികളുടെ ബുദ്ധിമുട്ടുകൾ കഴിവതും കുറയ്ക്കുന്ന രീതിയിൽ ക്രമീകരണങ്ങൾ ഉണ്ടാകണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

പൊങ്കാല ഡ്യൂട്ടിയ്ക്ക് വനിതാ പൊലീസ് ഉദ്യോഗസ്ഥരുടെ എണ്ണം വർധിപ്പിച്ചിട്ടുണ്ട്. പൊങ്കാല ഉത്സവത്തിന് ആയിരത്തോളം വനിതാ പൊലീസുകാരെ വിന്യസിക്കാനാണ് തീരുമാനം. 179 CC -TV ക്യാമറകൾ, കൺട്രോൾ റൂം, സ്ത്രീകൾക്ക് പ്രത്യേക കൺട്രോൾ റൂം എന്നിവയും സജ്ജമാക്കി. അഗ്നിശമന സേനയും ഇത്തവണ ആദ്യമായി വനിതാ ഉദ്യോഗസ്ഥരെ വിന്യസിക്കും. നിരീക്ഷണത്തിന് ഡ്രോണുകൾ ഉപയോഗിക്കാനും തീരുമാനിച്ചു. ഈസ്റ്റ് ഫോർട്ടിൽ നിന്ന് 20 ബസ്സുകൾ ക്ഷേത്രത്തിലേക്ക് ചെയിൻ സർവീസ് നടത്തും. ശുചീകരണ പ്രവർത്തനങ്ങൾക്ക് 1,250 ലേറെ തൊഴിലാളികളെ ഇതിനകം നിയോഗിച്ചു. 1,800 ലേറെ ശുചീകരണ തൊഴിലാളികളെ കൂടി പൊങ്കാലയോടനുബന്ധിച്ച് നിയമിക്കും.

ആരോഗ്യ വകുപ്പ് പൊങ്കാല ദിവസം പത്ത് ആംബുലൻസുകളും, പത്ത് അധിക പ്രത്യേക മെഡിക്കൽ സംഘങ്ങളും സജ്ജമാക്കും. പൊങ്കാല

തലേന്ന് മേഖലയിൽ ഡ്രൈ ഡേ ആചരിക്കും. ഈ മാസം 13 നാണ് ആറ്റുകാൽ പൊങ്കാല.

✪✪✪

ആറ്റുകാൽ പൊങ്കാലയുടെ ഭാഗമായി കളിമൺപാത്ര നിർമ്മാണ വികസന കോർപറേഷന്റെ കളിമൺ ഉത്പന്നങ്ങൾ മന്ത്രി O.R കേളു ഇന്ന് വിപണയിലിറക്കും. ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ ആദ്യ ഉത്പന്നം ഏറ്റുവാങ്ങും.

✪✪✪

പാലക്കാട് എലപ്പുള്ളി പഞ്ചായത്തിൽ സമഗ്ര മത്സ്യകൃഷി പദ്ധതിക്ക് ഇന്ന് തുടക്കമാകും. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കർഷകരുടെ ബോധവത്കരണ പരിപാടി രാവിലെ കേന്ദ്രസഹ മന്ത്രി ജോർജ്ജ് കുര്യൻ ഉദ്ഘാടനം ചെയ്യും. ഉൾനാടൻ മത്സ്യഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്.

✪✪✪

KSRTC ജീവനക്കാർക്ക് എല്ലാ മാസവും ഒന്നാം തീയതി ശമ്പളം നൽകുമെന്ന് മന്ത്രി K.B ഗണേഷ് കുമാർ അറിയിച്ചു. ഇതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും 100 കോടി രൂപ ഓവർഡ്രാഫ്റ്റ് എടുത്തു. സംസ്ഥാന ഗവൺമെന്റ് രണ്ട് ഗഡുക്കളായി 50 കോടി രൂപ നൽകും. ബാക്കി തുക വരുമാനത്തിൽ നിന്നും ചെലവു ചുരുക്കലിൽ നിന്നും കണ്ടെത്തുമെന്നും മന്ത്രി കൊല്ലത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

✪✪✪

കേരളത്തിന് അനുവദിച്ച രണ്ടാമത്തെ വന്ദേഭാരത് ട്രെയിനിന് കൂടുതൽ കോച്ച് അനുവദിക്കണമെന്നാവശ്യപ്പെട്ട് മന്ത്രി V അബ്ദുറഹിമാൻ റെയിൽവേ മന്ത്രിയ്ക്ക് കത്തയച്ചു. മംഗലാപുരത്ത് നിന്ന് രാവിലെ തിരുവനന്തപുരത്തേക്കും വൈകീട്ട് തിരുവനന്തപുരത്ത് നിന്ന് മംഗലാപുരത്തേക്കും സർവീസ് നടത്തുന്ന ട്രെയിനിൽ നിലവിൽ എട്ട് കോച്ച് മാത്രമാണുള്ളത്.

✪✪✪

CPIM സംസ്ഥാന സമ്മേളനത്തിന് നാളെ കൊല്ലത്ത് തുടക്കമാകും. CPIM കോ-ഓർഡിനേറ്ററും, പൊളിറ്റ് ബ്യൂറോ അംഗവുമായ പ്രകാശ് കാരാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്യും. ഈ മാസം ഒൻപത് വരെ തുടരുന്ന സമ്മേളനത്തിൽ, വിവിധ ജില്ലകളിൽ നിന്ന് 486 പ്രതിനിധികളും സംസ്ഥാനത്തിന് പുറത്തു നിന്ന് 44 നിരീക്ഷകരും അതിഥികളും പങ്കെടുക്കും. സമ്മേളനത്തിന് ഇന്ന് വൈകിട്ട് പതാക ഉയർത്തും.

✪✪✪

ICC പുരുഷ ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ത്യ ഫൈനലിൽ. ദുബായിൽ ഓസ്ട്രേലിയയെ നാല് വിക്കറ്റിന് തകർത്താണ് ടീം ഇന്ത്യയുടെ വിജയം.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)...

265 റൺസ് വിജയലക്ഷ്യവുമായി ബാറ്റിംഗിനിറങ്ങിയ ഇന്ത്യ, 48.1 ഓവറിൽ ആറു വിക്കറ്റിന് 267 റൺസെടുത്തു. 98 പന്തിൽ നിന്ന് 84 റൺസെടുത്ത വിരാട് കോഹ്-ലിയാണ് പ്ലയർ ഓഫ് ദ മാച്ച്. ശ്രേയസ് അയ്യർ 45 റൺസും, K L രാഹുൽ 42 റൺസും, ഹർദ്ദിക് പാണ്ഡ്യ 28 റൺസുമെടുത്താണ് ആദ്യസെമിയിൽ നിന്ന് ഇന്ത്യയെ ഫൈനലിലെത്തിച്ചത്. ഇന്ത്യക്കു വേണ്ടി മുഹമ്മദ് ഷമി മൂന്ന് വിക്കറ്റും, വരുൺചക്രവർത്തിയും, രവീന്ദ്രജഡേജയും രണ്ടു വിക്കറ്റു വീതവും വീഴ്ത്തി.

രണ്ടാം ഫൈനലിസ്റ്റുകളെ ഇന്ന് അറിയാം. രണ്ടാം സെമിയിൽ ഉച്ചയ്ക്ക് രണ്ടരയ്ക്ക് ന്യൂസിലാന്റ്, ദക്ഷിണാഫ്രിക്കയെ ലാഹോറിൽ നേരിടും. ഞായറാഴ്ച ചാമ്പ്യൻസ്ട്രോഫി ഫൈനലിൽ ഇന്നത്തെ ജേതാക്കളായിരിക്കും ഇന്ത്യയുടെ എതിരാളികൾ.

✪✪✪

രഞ്ജി ചരിത്രത്തിലാദ്യമായി ഫൈനലിൽ എത്തിയ കേരളത്തിന് ജയ സമാനമായ റണ്ണറപ്പ് സ്ഥാനമാണ് ലഭിച്ചതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരള ടീമിനെ ആദരിക്കാൻ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിന് എന്നും അഭിമാനിക്കാവുന്ന മികച്ച നേട്ടം കൈവരിച്ച ടീമിലെ ഓരോരുത്തരും ഭാവി തലമുറയ്ക്ക് മാതൃകയായി മാറണമെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു.

രഞ്ജി ട്രോഫി മത്സരത്തിൽ റണ്ണറപ്പായ കേരള ടീമിന് നാലര കോടി രൂപ കേരള ക്രിക്കറ്റ് അസോസിയേഷൻ പാരിതോഷികം നൽകുമെന്ന് KCA ഭാരവാഹികൾ ചടങ്ങിൽ അറിയിച്ചു.

✪✪✪

ISL ഫുട്ബോളിൽ FC ഗോവ, മൊഹമ്മദൻ SC യെ പരാജയപ്പെടുത്തി. ഗോവയിൽ എതിരില്ലാത്ത രണ്ടു ഗോളിനാണ് ഗോവയുടെ ജയം.

ഇന്ന് ജംഷഡ്പൂർ FC, ഒഡീഷ FC യെ നേരിടും. വൈകീട്ട് 7.30 ന് ജംഷഡ്പൂരിലാണ് മത്സരം.

✪✪✪

വനിതാ ശിശുവികസന വകുപ്പിന്റെ സംയോജിത ശിശു വികസന പദ്ധതിയിൽ മികച്ച സേവനത്തിന് നൽകുന്ന സംസ്ഥാനതല അവാർഡിന് കാസർകോട് ജില്ലാകളക്ടർ K.ഇമ്പശേഖർ അർഹനായി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി P.ജഗന്നിവാസൻ.

......(വോയ്സ്).............

✪✪✪

കോഴിക്കോട് കേന്ദ്രീകരിച്ച് സ്വകാര്യ സർവ്വകലാശാല സ്ഥാപിക്കാൻ കേരള ജംഇയ്യതുൽ ഉലമ കേന്ദ്ര മുശാവറ യോഗത്തിൽ തീരുമാനമായി. തുടക്കത്തിൽ നൂറ് കോടി രൂപ ഇതിനായി അനുവദിക്കും. ഉലമ ജനറൽ സെക്രട്ടറി കാന്തപുരം AP അബൂബക്കർ മുസ്ലിയാർ മുശാവറ യോഗം ഉദ്ഘാടനം ചെയ്തു.

✪✪✪

പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ ആലപ്പുഴ പൂങ്കാവ് പള്ളിയിൽ വലിയ നോമ്പ് ആചരണം ഇന്ന് തുടങ്ങും മുൻവർഷങ്ങളിൽ ഓശാന ദിനത്തിൽ നൽകിയിരുന്ന കുരുത്തോലകൾ കത്തിച്ചു ചാരമാക്കി വിശ്വാസികളുടെ നെറ്റിത്തടത്തിൽ കുരിശിയാളം ചാർത്തിയാണ് നോമ്പ് ആചരണം

തുടങ്ങുന്നത്. ചടങ്ങിന് വികാരി ഫാ സേവ്യർ ചിറമേൽ നേതൃത്വം നൽകും.

✪✪✪

കണ്ണൂർ ആറളം പുനരധിവാസ മേഖലയിൽ കാട്ടാന കുടിൽ തകർത്തു. ഓാമനമുക്കിലെ രമേശൻ-നിഷ ദമ്പതികളുടെ കുടിലാണ് ആന തകർത്തത്. കുടിലിലുണ്ടായിരുന്നവർ അത്ഭുതകരമായി രക്ഷപ്പെട്ടു.

അതിനിടെ, ആറളത്ത് ആനമതിൽ നിർമ്മിക്കാൻ മരങ്ങൾ മുറിച്ചു തുടങ്ങി. നാല് കിലോമീറ്ററോളം പ്രദേശത്തെ 164 മരങ്ങളാണ് മുറിച്ചു നീക്കുന്നത്.

✪✪✪

തൃശൂർ ജില്ലയിൽ ഇന്നലെ രണ്ടിടത്ത് ആനയിടഞ്ഞു. കുന്നംകുളത്തും മിണാലൂരിലും ക്ഷേത്രോത്സവ ങ്ങൾക്കിടയിലാണ് സംഭവമുണ്ടായത്. അത്താണി മിണാലൂരിൽ ഇടഞ്ഞ ആന വൈദ്യുതി പോസ്റ്റും, തെങ്ങും മറിച്ചിട്ടു.

✪✪✪

മുൻ പ്രധാനമന്ത്രി AB വാജ്പേയിയുടെ ജന്മ ശതാബ്ദി വർഷത്തിന്റെ ഭാഗമായി കണ്ണൂരിൽ അടൽജി സേവാ ട്രസ്റ്റ് വൈകിട്ട് പ്രമുഖ തെയ്യം കോലക്കാരെ ആദരിക്കും. കണ്ണൂർ ചേമ്പർ ഹാളിൽ BJP ദേശീയ സമിതി അംഗം C.K പത്മനാഭൻ പരിപാടി ഉദ്ഘാടനം ചെയ്യും. സംസ്ഥാന വൈസ് പ്രസിഡൻറ് മേജർ രവിയും പങ്കെടുക്കും.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*News Team: അനുഷ ആത്മപ്രകാശ്*
*DEO : ഷീബ*